പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:801 — 28.09.2011- ലെ മറുപടി

<u>നെടുങ്കണ്ടത്ത് കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ</u>

<u>ചോദ്യം</u> — <u>ഉത്തരം</u>

ശ്രീ. കെ.കെ. ജയചന്ദ്രൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ നെടുംകണ്ടത്ത് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ അനുവദിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ) യും (ബി) യും | ഉണ്ട്. ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിന് സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് ഒരുക്കിത്തന്നാലും തുടർ പ്രവർത്തന ചിലവുകൾക്കായി കെ.എസ്.ആർ.ടി.സി.ക്ക് പ്രതിവർഷം 41.52 ലക്ഷം രൂപ ചിലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ കൂടുതൽ ബാധ്യതകൾ ഏറ്റെടുക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ നെടുംകണ്ടത്ത് കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ അനുവദിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |
| (ബി) | പ്രസ്തുത ആവശ്യത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | | |
| (സി) | കുമിളി–നെടുംകണ്ടം – മൂന്നാർ, നെടുംകണ്ടം–കമ്പം റൂട്ടിൽ പുതിയതായി കെ.എസ്.ആർ.ടി.സി. ബസുകൾ അനുവദിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) യും (ഡി) യും | ഉണ്ട്. കുമിളി – നെടുംകണ്ടം – മൂന്നാർ സർവ്വീസിന്റെ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ആവശ്യപ്പെട്ട സർവ്വീസ് ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാറിൽ |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ആവശ്യത്തിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | | വ്യവസ്ഥയില്ലാത്തതിനാൽ നെടുംകണ്ടം - കമ്പം സർവ്വീസും ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ